**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1336 — 03/12/2018-ൽ മറുപടിയ്ക്ക്

**ശാസ്ത്രീയവും ആധുനികവുമായ പ്രീസ്കൂൾ വിദ്യാഭ്യാസം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അടൂർ പ്രകാശ്** | പ്രൊഫ. സി.രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) മൂന്ന് മുതൽ അഞ്ച് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ശാസ്ത്രീയവും ആധുനികവുമായ പ്രീ-സ്കൂൾ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ഇതിനായി പ്രീസ്കൂൾ അദ്ധ്യാപകർക്ക് ശാസ്ത്രീയമായ പഠനരീതികൾ പരിചയപ്പെടുത്തുന്നതിന് ഒരു കൈപുസ്തകം വികസിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് വർക്കബുക്കുകളായി പ്രവർത്തന കാർഡുകൾ തയ്യാറാക്കുകയും അദ്ധ്യാപക പരിശീലനം ആസൂത്രണവും ചെയ്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) 1) പ്രീസ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ അക്കാദമിക അന്തരീക്ഷം എന്നിവ മെച്ചപ്പെടുത്തുക.<br>2) കുട്ടികളുടെ വിവിധ വികാസമേഖലകൾ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക.<br>3) പ്രീസ്കൂൾ അദ്ധ്യാപക വിദ്യാഭ്യാസത്തിന്റെ പാഠ്യപദ്ധതി പരിഷ്കരിക്കുകയും പരിശീലനകേന്ദ്രങ്ങൾക്ക് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്യുക. |
| (സി) ആദ്യഘട്ടത്തിൽ എത്ര സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും ഇതിനായി കേന്ദ്രസഹായം ലഭ്യമാണോയെന്നും അറിയിക്കുമോ? | (സി) ഒരു ജില്ലയിൽ 30 സ്കൂളുകൾ എന്ന കണക്കിൽ 420 സ്കൂളുകളിൽ കേന്ദ്ര സഹായത്തോടെ പദ്ധതി നടപ്പിലാക്കുന്നു. |

Reena

സെക്ഷൻ ഓഫീസർ